"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന നെസ്റ്റ് സ്പെഷ്യൽ നീഡ് ഹോം എന്ന സ്ഥാപനത്തിന് 2024-25 സാമ്പത്തിക വർഷം അനുവദിക്കേണ്ടിയിരുന്ന **14,32,098/-**രൂപ, നടപ്പ് വർഷത്തെ 2235-02-102-36 (02) (പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.178/2026/WCDD തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:-
1. 30.10.2019 ലെ സ.ഉ.(സാധാ) നം.686/2019/സാനീവ
2. 27.02.2021 ലെ സ.ഉ.(സാധാ) നം.201/2021/സാനീവ
3. 12.03.2026ലെ വ.ശി.വി.വ ഡയറക്ടറുടെ DWCD/572/2025-ICPS 14 നമ്പർ കത്ത്

**ഉത്തരവ്**

അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടതുമായ സ്പെഷ്യൽ നീഡ് വിഭാഗത്തിലുള്ള കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി ഹോമുകൾ ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം 66,02,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് കൊയിലാണ്ടിയിൽ പ്രവർത്തിക്കുന്ന NEST എന്ന സ്ഥാപനത്തിന് 6 വയസ്സിൽ താഴെയുള്ള സ്പെഷ്യൽ നീഡ് ഹോം വിഭാഗത്തിലുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന് 5 വർഷത്തേക്ക് പ്രവർത്തിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(2) പ്രസ്തുത സ്ഥാപനത്തിന് 2024-25 സാമ്പത്തിക വർഷം അനുവദിക്കേണ്ട 26,58,484/- രൂപയിൽ നിന്നും സ്ഥാപനത്തിന് 2021 ഒക്ടോബർ മുതൽ 2023 ഡിസംബർ വരെയുള്ള കാലയളവിൽ മെയിന്റനൻസ് ഇനത്തിൽ കൂടുതൽ അനുവദിച്ച 12,26,386/- രൂപ കിഴിച്ച് ബാക്കി തുകയായ 14,32,098/- രൂപ (പതിനാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി തൊണ്ണൂറ്റെട്ട് രൂപ മാത്രം) 2025-26 വർഷത്തെ 2235-02-102-36 (02) P എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കേണ്ടിയിരുന്ന 14,32,098/- രൂപ റിലീസ് ചെയ്യുന്നതിനുള്ള ശിപാർശ 2025-26 സാമ്പത്തിക വർഷാവസാനം മാത്രം ലഭിച്ച സാഹചര്യത്തിൽ സീലിംഗ് പരിധി ഉയർത്താൻ കഴിഞ്ഞിരുന്നില്ല. മേൽ സാഹചര്യത്തിൽ കോഴിക്കോട് കൊയിലാണ്ടിയിലെ 'നെസ്റ്റ്" (NEST) എന്ന സ്ഥാപനത്തിന് 2024-25 വർഷത്തെ പദ്ധതി വിഹിതത്തിൽ

നിന്നും അനുവദിക്കേണ്ടിയിരുന്ന 14,32,098/- രൂപ (പതിനാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി തൊണ്ണൂറ്റെട്ട് രൂപ മാത്രം) 2026-27 സാമ്പത്തിക വർഷത്തെ 2235-02-102-36 (02) P എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

1) മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി & ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ,എ&ഇ), കേരളം
3) ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കോഴിക്കോട്
4) ധനകാര്യ വകുപ്പ്.
5) വെബ് & ന്യൂ മീഡിയ.
6) ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Hena. R Raj**
**Date: 08-05-2026 11:43:34**
സെക്ഷൻ ഓഫീസർ